# പതിനാലാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 2030** — **13/06/2019-ൽ മറുപടിയ്ക്ക്**

## ആരോഗ്യ ജാഗ്രത പരിപാടി

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ. ടി.എ. അഹമ്മദ് കബീർ** | | **കെ.കെ.ശൈലജ ടീച്ചർ** (ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പ് മന്ത്രി) | |
| എ) | മഴക്കാലപൂർവ്വ ശുചീകരണത്തിന്റെ ഭാഗമായി സാംക്രമിക രോഗങ്ങൾ അടക്കം പകരുന്നത് തടയുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപന തലത്തിൽ നടപടികൾ ഊർജ്ജിതമാക്കുമോ; | എ) | സാംക്രമിക രോഗങ്ങൾ തടയുന്നതിനായി പ്രതിദിനം പ്രതിരോധത്തിനായി ആരോഗ്യ വകുപ്പ് നടത്തുന്ന 'ആരോഗ്യ ജാഗ്രത' പരിപാടിയോടൊപ്പം തദ്ദേശസ്വയംഭരണ വകുപ്പിന്റെ 'ആരോഗ്യസുരക്ഷയ്ക്ക് മാലിന്യമുക്ത പരിസരം' എന്ന പരിപാടിയും ഊർജ്ജിതമായി നടപ്പിലാക്കി വരികയാണ്. |
| ബി) | ആരോഗ്യ ജാഗ്രത പരിപാടിയുടെ ഭാഗമായി സംസ്ഥാനത്ത് നടപ്പിലാക്കിയ പദ്ധതികൾ എന്തെല്ലാമാണ് ? | ബി) | സംസ്ഥാനതലത്തിൽ ബഹു.മുഖ്യമന്ത്രിതലം മുതൽ വാർഡ്തലം വരെയുള്ള ആലോചനായോഗങ്ങൾ, ഏകോപന യോഗങ്ങൾ, വാർഡ്തല ആരോഗ്യ ശുചിത്വ പോഷണ സമിതികളുടെ ശാക്തീകരണവും യോഗങ്ങളും, പ്രത്യേക ഗ്രാമസഭകൾ, ആരോഗ്യസേനാരൂപീകരണം, ശുചിത്വ-മാപ്പിംഗ്, വാർഡ്തല, തദ്ദേശസ്ഥാപനതല കർമ്മപദ്ധതികൾ തയ്യാറാക്കൽ, രോഗപ്രതിരോധ കാമ്പയിനുകൾ, ശുചീകരണ പ്രവർത്തനങ്ങൾ, ഡ്രൈഡേ ആചരണം, ബോധവത്കരണ പ്രവർത്തനങ്ങൾ, ഹെൽത്തികേരളാ പരിശോധനകൾ എന്നിങ്ങനെ വിവിധ പരിപാടികൾ ഉൾക്കൊള്ളിച്ചിരിക്കുന്നു. ആരോഗ്യസേനാ അംഗങ്ങൾ ഗൃഹസന്ദർശനം, മാലിന്യ-നിർമ്മാർജ്ജനം, പരിസര ശുചീകരണം, കുടിവെള്ളം ക്ലോറിനേഷൻ, കൊതുകുറവിട നശീകരണം തുടങ്ങിയ കാര്യങ്ങൾ നടത്തുന്നു. അതോടൊപ്പം ആശുപത്രികൾ വഴി രോഗനിരീക്ഷണം, സ്ഥിരീകരണം, ചികിത്സ, രോഗനിയന്ത്രണ പ്രവർത്തനങ്ങൾ തുടങ്ങിയവയും നടത്തി വരുന്നു. ദുരന്തങ്ങളുണ്ടായാൽ ദുരിതാശ്വാസവും മറ്റ് ദുരന്തനിവാരണ പ്രവർത്തനങ്ങളും നടത്തുന്നു. |

സെക്ഷൻ ഓഫീസർ